പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*282 11.12.2018-ലെ മറുപടിക്ക്

## റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

" ഐ.ബി. സതീഷ്

" യു. ആർ. പ്രദീപ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി പൂർണ സമയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ; | (എ) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി നിലവിലെ 34 പൂർണസമയ എൻ ഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 51 സ്ക്വാഡുകൾ സേഫ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതിന്റെ ആദ്യപടിയായി 181 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ നിയമിച്ച് പരിശീലനം നൽകിവരുന്നു. ഇവരുടെ പ്രവർത്തനത്തിനാവശ്യമായ വാഹനങ്ങൾ വെറ്റ് ലീസിന് എടുക്കുന്നതിനും എൻ ഫോഴ്സ്മെന്റ് സ്ക്വാഡിന് മാത്രമായി കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | കൂടുതൽ റോഡ് അപകടമരണങ്ങൾ നടക്കുന്നതായി നാറ്റ്പാക് കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന, പോലീസ്,പൊതുമരാമത്ത് വകുപ്പുകളുടെ പങ്കാളിത്തത്തോടെ | (ബി) | കേന്ദ്ര ഗതാഗത മന്ത്രാലയം നിഷ്കർഷിച്ച മാനദണ്ഡപ്രകാരം സംസ്ഥാനത്തെ പാതകളിൽ നാറ്റ്പാക്ക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ ദേശീയേതര പാതകളിൽ പ്പെടുന്ന 116 ബ്ലാക്ക്സ്പോട്ടുകളാണുള്ളത്. ഇവയിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നിശ്ചയിച്ച 46 ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ പോലീസ്- മോട്ടോർ വാഹന –പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും ഹ്രസ്വകാല – ദീർഘകാല പരിഹാര നടപടികൾ നിർദ്ദേശി |

| | | | |
|---|---|---|---|
| | പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വാഹനങ്ങളുടെ അമിതവേഗം കണ്ടുപിടിക്കുന്നതിന് കൂടുതൽ അത്യാധുനിക ക്യാമറകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | പോലീസ്, മോട്ടോർ വാഹന വകുപ്പ്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നീ ഏജൻസികൾ സമർപ്പിക്കുന്ന മിക്ക റോഡു സുരക്ഷാ പദ്ധതികളിലും ഒരു ഇനമായി ആധുനിക ക്യാമറയുടെ സ്ഥാപിക്കലും ഉൾപ്പെടുന്നുണ്ട്.<br>വാഹനങ്ങളുടെ അമിത വേഗം കണ്ടുപിടിക്കുന്നതിനായി നിലവിലുള്ള ക്യാമറകൾക്ക് പുറമേ മണ്ണുത്തി-വാളയാർ, മണ്ണുത്തി-മഞ്ചേശ്വരം റൂട്ടിൽ പുതിയ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഉദാഹരണമായി കഴക്കൂട്ടം-അടൂർ, പാവങ്ങാട് - കോരപ്പുഴ സേഫ് കോറിഡോർ പദ്ധതികളിൽ ആധുനിക ക്യാമറകളുടെ സ്ഥാപനവും ഉൾപ്പെടുന്നുണ്ട്. |
| (ഡി) | അമിതവേഗം,ഡ്രൈവിംഗിനിടെ മൊബൈൽ ഫോൺ ഉപയോഗം,ചരക്കുവാഹനങ്ങളിലെ അമിതഭാരം തുടങ്ങിയ ഗതാഗത നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) | അമിതവേഗം, ഡ്രൈവിംഗിനിടയിലെ മൊബൈൽ ഫോൺ ഉപയോഗം, അമിതഭാരം കയറ്റൽ എന്നീ ഗതാഗത നിയമലംഘനങ്ങൾക്കെതിരെ ഡ്രൈവിംഗ് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.<br>സുപ്രീം കോടതി നിയമിച്ച റോഡ് സുരക്ഷ കമ്മിറ്റി ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റിക്ക് അയച്ചുവരുന്നു. ട്രാഫിക് നിയമം കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ദിവസം മുഴുവൻ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും അതിലൂടെ നിയമലംഘകരെ കണ്ടെത്തുന്നതിനും വേണ്ടിയാണ് "സേഫ് കേരള" പദ്ധതിയ്ക്ക് മോട്ടോർ വാഹന വകുപ്പ് രൂപം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ